# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

നം.43/17/സിഎ.2

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വകുപ്പ്
തിരുവനന്തപുരം.. 26 ..11..2024

## ക്വട്ടേഷൻ നോട്ടീസ്

(08.08.2024 Board ROC 11601/13/CA)

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ശ്രീചിത്രാഹിന്ദുമത ഗ്രന്ഥശാല, ശബരിമല, പമ്പ എന്നീ ബുക്ക് സ്റ്റാളുകളിലെ ഗോഡൗണുകളിലുള്ള 2020 മുതൽ 2023 വരെയുള്ള പഴയ ഡയറികൾ, കലണ്ടർ, പഞ്ചാംഗം, സന്നിധാനം മാസിക, വിൽപ്പന യോഗ്യമല്ലാത്ത തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിദ്ധീകരണങ്ങൾ മുതലായവയും ശ്രീചിത്രാഹിന്ദുമതഗ്രന്ഥശാല ലൈബ്രറിയിലുള്ള 2020–23 കാലയളവിലെ പഴയ പത്രങ്ങളും മാഗസിനുകളും ലേലം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ഓരോ ഐറ്റത്തിനും (പഴയ ഡയറികൾ, കലണ്ടർ, പഴയ പത്രങ്ങൾ, മാസികകൾ) കിലോഗ്രാം ഒന്നിന് നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ക്വട്ടേഷനുകൾ ഡിസംബർ മാസം 17-ാം തീയതി ഉച്ചക്ക് 12 മണിക്ക് മുൻപായി ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം 2 മണിക്ക് ഹാജരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ പരിശോധിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം പണമായോ, ദേവസ്വം കമ്മീഷണറുടെ പേരിൽ ഡി.ഡി. ആയോ ഹാജരാക്കേണ്ടതാണ്.

2020–23 കാലയളവിലെ പഴയ ഡയറികൾ, കലണ്ടർ, പഴയ പത്രങ്ങൾ, മാസികകൾ വിൽപ്പന യോഗ്യമല്ലാത്ത പഴയ പുസ്തകങ്ങൾ മുതലായവയ്ക്ക് പരമാവധി തുക ക്വാട്ട് ചെയ്ത ആളിന്റെ പേരിൽ കുത്തക അംഗീകരിക്കുന്നതിന് ബോർഡിലേക്ക് ശുപാർശ ചെയ്യുന്നതിനും ക്വട്ടേഷൻ ബോർഡിൽ നിന്നും അംഗീകരിച്ച് വരുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്. ടി ഐറ്റങ്ങൾ ക്വട്ടേഷണറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ തൂക്കിയെടുത്ത് ബോദ്ധ്യപ്പെട്ട് സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. ഏതൊരു കാരണവശാലും ടി ഐറ്റങ്ങൾ നീക്കം ചെയ്യാതെ നശിച്ച് പോയാൽ കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്. ടി ഐറ്റങ്ങൾ സൂക്ഷിച്ചിട്ടുള്ള അതാത് ഗോഡൗണിൽ നിന്നും ഈ ആഫീസിന്റെ നിർദ്ദേശാനുസരണം കരാറുകാരന്റെ ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് പൂർണ്ണ അവകാശം ഉണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

ഡയറക്ടർ